**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *86 — 14.01.2021-ൽ മറുപടിക്ക്

## ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം<br>ശ്രീ . എൻ . ഷംസുദീൻ<br>ശ്രീ . സി. മമ്മൂട്ടി<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കാനും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | എ) | വനഭൂമിയിൽ തലമുറകളായി താമസിക്കുന്നവരും എന്നാൽ തങ്ങളുടെ വനഭൂമിയിൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാതെ പോയവരുമായ പട്ടികവർഗ്ഗക്കാരുടെയും മറ്റ പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വേണ്ടിയുള്ളതാണ് വനാവകാശ നിയമം. ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി വനാവകാശ നിയമ പ്രകാരം വ്യക്തിഗതം, സാമൂഹികം, വികസനം എന്നിങ്ങനെയുള്ള അവകാശങ്ങൾ നൽകിവരുന്നുണ്ട്. വനാവകാശ നിയമം നടപ്പിലാക്കുന്നതിനായി തടിയേതര വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽക്കുന്നതിനുമുള്ള അനുമതി നൽകുന്നതിന് വനാവകാശ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ 662 വനാവകാശ കമ്മിറ്റികൾ (FRC) മുഖേന നാളിതുവരെയായി 26,273 പേർക്ക് 34735.87 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. 4429 പേർക്ക് കൈവശാവകാശ രേഖ നൽകുന്നതിനായി ലഭിച്ച അപേക്ഷകൾ പെന്റിംഗിലുണ്ട്. ആയവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ച വരുന്നു. സുപ്രീം കോടതി വിധി പ്രകാരം കേന്ദ്ര സർക്കാർ വിതരണത്തിനായി അനുമതി നൽകിയ നിക്ഷിപ്ത വനഭൂമിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ |

| | | | |
|---|---|---|---|
| | | | വന്ന ശേഷം 4056 പേർക്കായി 5808.14 ഏക്കർ ഭൂമിയ്ക്ക് പട്ടയം / കൈവശാവകാശരേഖ നൽകിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗക്കാരുടെ ഭൂ ഉടമസ്ഥത മെച്ചപ്പെടുത്തു ന്നതിനായി 03/09/13 ലെ സ.ഉ.(എം.എസ്) നം. 68/13/പജ.പവ.വിവ ഉത്തരവ് പ്രകാരം 25 സെന്റ് മുതൽ ഒരേക്കർ വരെയുള്ള ഭൂമി 10 ലക്ഷം രൂപയിൽ അധികരിക്കാതെ ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങി നൽകിയിരുന്നു. ഈ പദ്ധതി പ്രകാരം 815 പേർക്ക് 386.04 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലെ പോരായ്മകൾ നികത്തി അർഹതയുള്ള എല്ലാ പേർക്കും ഭൂമി ലഭിക്കണം എന്ന ഉദ്ദേശത്തോടെ ഭൂമി വാങ്ങി നൽകുന്നതിനായിട്ടുള്ള പുതിയ പദ്ധതി (ലാന്റ് ബാങ്ക് പദ്ധതി) സ.ഉ(എം.എസ്) നം.21/2018/ പജ.പവ.വിവ തീയതി, 03/03/2018 പ്രകാരം നിലവിൽ വന്നു. ടി ഉത്തരവിലെ മാനദണ്ഡങ്ങളും നടപടികളും അനുസരിച്ചാണ് 2018-19 മുതൽ ഭൂമി അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം 205 പേർക്ക് 25.74 ഏക്കർ ഭൂമി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 7078 പേർക്ക് 7374.54 ഏക്കർ റവന്യൂ / ഫാം ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 38,877 പേർക്ക് 47630.33 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | ഭൂരഹിതരായ ആദിവാസികൾക്ക് ഒരേക്കർ ഭൂമി പതിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | ബി) & സി) | ഉണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. വിവിധ ഫാമുകളുടെ കൈവശമുള്ള ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ വിതരണം ചെയ്ത് ഒരേക്കർ ഭൂമി നൽകുന്നതിനുള്ള നടപടി തുടർന്നു വരുന്നു.<br><br>ഇതുവരെയായി 6843 പേർക്ക് ഒരേക്കർ മുതൽ 5 ഏക്കർ വരെ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| സി) | എങ്കിൽ എത്രപേർക്ക് ഭൂമി പതിച്ചു നൽകിയെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല / ഓഫീസ് | ഗുണഭോക്താക്കളുടെ എണ്ണം |
| --- | --- |
| കാഞ്ഞിരപ്പള്ളി | 19 |
| വയനാട് | 1040 |
| നിലമ്പൂർ | 3807 |
| പുനലൂർ | 32 |
| അടിമാലി | 911 |
| പാലക്കാട് | 610 |
| കോഴിക്കോട് | 318 |
| കാസർഗോഡ് | 106 |
| **ആകെ** | **6843** |

സെക്ഷൻ ഓഫീസർ